(സി) സ്ത്രീ തടവുകാരെ നോക്കാൻ ഏതെല്ലാം ജയിലുകളിൽ സ്ത്രീ വാർഡൻമാരും മറ്റ് സ്ത്രീ ജീവനക്കാരുമുണ്ട്; സംസ്ഥാനത്ത് ഏത്ര സ്ത്രീവാർഡൻമാരുണ്ട്;

(ഡി) സംസ്ഥാനത്ത് സ്ത്രീകൾക്ക് മാത്രമായി റിജിയണൽ അടിസ്ഥാനത്തിൽ സ്ത്രീ ജയിലുകൾ സ്ഥാപിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളിൽ സ്ത്രീ തടവുകാരികളെ ബലാൽ സംഗം ചെയ്തതായോ മാനഭംഗപ്പെടുത്തിയതായോ ഉള്ള രണ്ടു പരാതികളും ഒരു സംഭവവും ഉണ്ടായിട്ടുണ്ട്. പരാതികൾ ഒറ്റപ്പാലം, പാലക്കാട് എന്നീ ജയിലുകളിലും സംഭവം മഞ്ചേരി സബ് ജയിലിലുമായിരുന്നു.

(ബി) ഈ സംഭവങ്ങളുടെ പേരിൽ ആകെ 7 പേരുടെ പേരിൽ നടപടികളുണ്ടായി. ഇതുവരെ ആരേയും ശിക്ഷിച്ചിട്ടില്ല. ഒറ്റപ്പാലം സബ് ജയിൽ ഹെഡ് വാർഡർ ശ്രീ. പി. ടി. രാമചന്ദ്രനെ ഒറ്റപ്പാലം സെഷൻസ് കോടതി വെറുതെ വിട്ടു. കൂടെ ഡ്യൂട്ടിയിലുണ്ടായിരുന്ന രണ്ട് വാർഡൻമാർക്കെതിരെ ശിക്ഷണനടപടികൾ ഡിപ്പാർട്ടുമെന്റ് എടുത്തുവരുന്നു. മഞ്ചേരി, പാലക്കാട് സബ് ജയിലുകളിലെ കേസുകളിലെ ഈരണ്ടുപേർവീതം ആകെ 4 പേരുടെ പേരിൽ അന്വേഷണ നടപടികൾ തുടരുന്നു.

(സി) തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും കോഴിക്കോട് ജില്ലാ ജയിലുകളിലും സ്ഥിരം സ്ത്രീ വാർഡൻമാരെ നിയമിച്ചിട്ടുണ്ട്. സബ് ജയിലുകളിൽ സ്ത്രീ തടവുകാർ ഉള്ളപ്പോൾ മാത്രം താൽക്കാലികമായി ദിവസക്കൂലിയിൽ രണ്ട് സ്ത്രീ വാർഡൻമാരെ നിയമിക്കാറുണ്ട്. ജയിലുകളിൽ ആകെ 21 സ്ഥിരം സ്ത്രീവാർഡൻമാർ ഉണ്ട്.

(ഡി) തിരുവനന്തപുരത്തുള്ള നെയ്യാറിൻകരയിൽ സ്ത്രീതടവുകാർക്കുവേണ്ടി ഒരു ജയിൽ സ്ഥാപിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ട്.

ആലത്തൂർ താലൂക്കിൽ നടന്ന കൊലപാതകങ്ങളും മോഷണങ്ങളും

1490. [2240] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ ;

(എ) 1982 മേയ് 30 മുതൽ 1986 ഒക്ടോബർ 30 വരെ ആലത്തൂർ താലൂക്കിൽ നടന്ന കൊലപാതകങ്ങൾ എത്ര ;

(ബി) മോഷണക്കേസുകൾ എത്ര ;

(സി) ഇതിൽ ഓരോന്നിലും ചാർജ്ജു ചെയ്ത കേസുകൾ എത്ര ;

(ഡി) പ്രതികളെ പിടികിട്ടാത്ത കേസുകൾ ഏതെല്ലാം ?

ഉത്തരം

(എ) 40 കൊലപാതകങ്ങൾ

(ബി) 340

(സി) കൊലപാതക കേസുകളിൽ 29 എണ്ണവും മോഷണക്കേസുകളിൽ 99 എണ്ണവും ചാർജ് ചെയ്തു.

(ഡി) കൊലപാതകകേസുകൾ 2 എണ്ണം
മോഷണകേസുകൾ 241 ,,

മൊത്തം 243

LIBRARY ARCHIVES Kerala Legislative Assembly